മാതൃഭൂമി
2001 ജൂൺ 12 ചൊവ്വ

# പ്രീഡിഗ്രി സയൻസ് ഗ്രൂപ്പ്: റാങ്കുകൾ പെൺകുട്ടികൾക്ക്

**തേഞ്ഞിപ്പലം:** കാലിക്കറ്റ് സർവകലാശാലാ പ്രീഡിഗ്രി സയൻസ് ഗ്രൂപ്പിൽ വീണ്ടും പെൺകുട്ടികളുടെ വിജയഗാഥ. ഇക്കുറി ആദ്യ മൂന്നു റാങ്കുകളും പെൺകുട്ടികൾക്കാണ്. അതിൽ രണ്ടെണ്ണം തൃശ്ശൂർ സെൻറ് മേരീസ് കോളേജ് കൈയടക്കി.

സെൻറ് മേരീസിലെ അർച്ചന ഐ. കമ്മത്തിനാണ് ഒന്നാം റാങ്ക്. കോഴിക്കോട് പ്രോവിഡൻസ് കോളേജിലെ ഇന്ദുമോഹൻ രണ്ടാം റാങ്കും സെൻറ് മേരീസിലെ ആൻ തെരേസ സെബാസ്റ്റ്യൻ മൂന്നാം റാങ്കും സ്വന്തമാക്കി. ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ് ഗ്രൂപ്പിനാണ് റാങ്കുകൾ മൂന്നും.

സയൻസ് ഗ്രൂപ്പിൽ 79.64 ശതമാനം വിദ്യാർഥികൾ വിജയിച്ചു. സപ്ലിമെൻററിയായി പരീക്ഷയെഴുതിയവരിൽ 16.68 ശതമാനം പേരാണ് വിജയിച്ചത്.

റഗുലർ വിദ്യാർഥികളിൽ 9796 പേർ പരീക്ഷ എഴുതി. അതിൽ 749 പേർക്ക് ഡിസ്റ്റിംഗ്ഷനും 2863 പേർക്ക് ഫസ്റ്റ്ക്ലാസ്സും 1906 പേർക്ക് സെക്കൻറ് ക്ലാസും 2284 പേർക്ക് തേഡ്ക്ലാസും ലഭിച്ചു.

സപ്ലിമെൻററി വിദ്യാർഥികളായി 2020 പേർ പരീക്ഷയെഴുതിയതിൽ 337 പേർ വിജയിച്ചു.

വിദ്യാർഥികൾക്കുള്ള മാർക്ക് ലിസ്റ്റുകൾ ഈ മാസം 14 മുതൽ പരീക്ഷാകേന്ദ്രങ്ങളിൽ നിന്നും ലഭിക്കും.

പ്രീഡിഗ്രി മൂന്ന്, നാല് ഗ്രൂപ്പുകളുടെ ഫലം ഈ മാസം 20-ാം തിയ്യതിയോടെ പ്രസിദ്ധീകരിക്കുവാനാകുമെന്ന് പരീക്ഷാകൺട്രോളർ പി. കെ. ശശി അറിയിച്ചു.

പരീക്ഷാഫലം
- പേജ് 9



മൂന്നാം റാങ്ക് നേടിയ
ആൻ തെരേസാ സെബാസ്റ്റ്യൻ



പി.വി. രാധിക ( ബോട്ടണി ഒന്നാം റാങ്ക്, സെയ്ന്റ് മേരീസ് കോളജ്, തൃശൂർ)



കലിക്കറ്റ് സർവ്വകലാശാല പ്രീഡിഗ്രി പരീക്ഷയിൽ ഫസ്റ്റ് ഗ്രൂപ്പിൽ ഒന്നാം റാങ്ക് നേടിയ അർച്ചന ഐ. കമ്മത്ത്.

മലയാള മനോരമ
2001 ജൂലൈ 21 ശനി

# റ്റ് സർവകലാശാല ബി. എസ്‌സി. രണ്ടാം റാങ്ക് നേടിയവർ



● മാത്ത്സ്
നിമ ഏബ്രഹാം (സെയ്ന്റ് മേരീസ് കോളജ്, തൃശൂർ)

മലയാള മനോരമ
2001 ജൂലായ് 23 തിങ്കൾ



തൃശൂർ സെയ്ന്റ് മേരീസ് കോളജിലെ ബിരുദദാനയോഗം ജില്ലാ കലക്ടർ ടി. ഒ. സൂരജ് ഉദ്ഘാടനം ചെയ്യുന്നു. പ്രിൻസിപ്പൽ സിസ്റ്റർ അൽഫോൻസ് ബെറ്റ്സി സമീപം.

## സെയ്ന്റ് മേരീസിൽ ബിരുദദാനയോഗം

തൃശൂർ: സെയ്ന്റ് മേരീസ് കോളജിലെ ബിരുദദാനയോഗം ജില്ലാ കലക്ടർ ടി. ഒ. സൂരജ് ഉദ്ഘാടനം ചെയ്തു. പൂർവവിദ്യാർഥിനി സംഘടനയായ 'ദി എൽഡർ സെയ്ന്റ് മരിയൻസി'ന്റെ സമ്മേളനവും വിരമിക്കുന്ന അധ്യാപകർക്കുള്ള സ്വീകരണവും നടത്തി.

പ്രിൻസിപ്പൽ സിസ്റ്റർ അൽഫോൻസ് ബെറ്റ്സി അധ്യക്ഷത വഹിച്ചു. പി. പി. റോസി പ്രസംഗിച്ചു.

മലയാള മനോരമ

2001 September 19 Wednesday



മനോരമ

തൃശൂരിൽ നടക്കുന്ന കാലിക്കറ്റ് വാഴ്സിറ്റി നീന്തൽ ചാംപ്യൻഷിപ്പിൽ പെൺകുട്ടികളുടെ 200 മീറ്റർ ബട്ടർഫ്ളൈ സ്ട്രോക്കിൽ ഒന്നാമതെത്തുന്ന എസ്. ഭാഗ്യ (സെയ്ന്റ് മേരീസ് കോളജ്, തൃശൂർ).

# നീന്തൽ: കാലിക്കറ്റ് വനിതകൾക്ക് ഹാട്രിക്

കുരുക്ഷേത്ര (ഹരിയാന): വി. രമ്യയുടെയും കൂട്ടരുടെയും മികവിൽ അഖിലേന്ത്യ അന്തർസർവകലാശാല നീന്തൽ ചാംപ്യൻഷിപ്പിൽ കാലിക്കറ്റ് സർവകലാശാല വനിത ടീമിന്റെ ഹാട്രിക് സ്വപ്നം പൂവണിഞ്ഞു. 89 പോയിന്റുമായാണ് കാലിക്കറ്റ് ടീം തുടർച്ചയായ മൂന്നാംതവണയും കിരീടം ചൂടിയത്. രണ്ടാംസ്ഥാനക്കാരായ കൽക്കട്ട സർവകലാശാല 50 പോയിന്റുമായി ഏറെ പിന്നിലാണ്. പുരുഷവിഭാഗത്തിൽ കൽക്കട്ട 37 പോയിന്റുമായി ഒന്നാമതെത്തി.

വി. രമ്യ അഞ്ചു സ്വർണവും രണ്ടു വെള്ളിയുമായി 'ജലറാണി'യായി. റിലേയിലും രണ്ടു സ്വർണം നേടി. ബർക്കത്തുല്ല സർവകലാശാലയിലെ പങ്കജ് രാഥിയാണ് 'ജലരാജാവ്'. കൽക്കട്ടയുടെ രാജശ്രീ ചക്രവർത്തി 50 മീ. ഫ്രീസ്റ്റൈലിൽ സ്വർണംനേടി വനിതകളിലെ വേഗമേറിയ താരമായപ്പോൾ എം. ജി. സർവകലാശാലയുടെ സൗമി സിറിയക്കിനാണ് വെള്ളി. വാട്ടർപോളോയിൽ കേരള സർവകലാശാല 7-5ന് കൽക്കട്ടയെ തകർത്തു സ്വർണവുമായി കരയ്ക്കുകയറി.

ദീപിക

2001 സെപ്റ്റംബർ 20 വ്യാഴം



കാലിക്കറ്റ് സർവകലാശാലാ പവർ ലിഫ്റ്റിങ് ചാംപ്യൻഷിപ്പിൽ 90 കിലോ വനിതാ വിഭാഗത്തിൽ വിജയിച്ച ഭാഗ്യ ആലപ്പാട്ട് (തൃശൂർ സെയ്ന്റ് മേരീസ് കോളജ്)

മലയാള മനോരമ
2001 സെപ്റ്റംബർ 20 വ്യാഴം**

# സർവകലാശാല നീന്തൽ ടീം: ഭാഗ്യയും പാലകനും ക്യാപ്റ്റന്മാർ

തൃശൂർ: അന്തർ സർവകലാശാല നീന്തൽ ചാംപ്യൻഷിപ്പിൽ കാലിക്കറ്റ് സർവകലാശാല വനിതാടീമിന് ഹാട്രിക് കിരീടം എന്ന 'ഭാഗ്യം' സമ്മാനിക്കാൻ തൃശൂർ സെയ്ന്റ് മേരീസ് കോളജിലെ എസ്. ഭാഗ്യയെയും പുരുഷ ടീമിന്റെ 'അജപാലകനാ'കാൻ തൃശൂർ കേരളവർമ കോളജിലെ ടി. പാലകനെയും തെരഞ്ഞെടുത്തു. സർവകലാശാല നീന്തൽ ടീമുകളെ നയിക്കാൻ നിയോഗിക്കപ്പെട്ട അയൽക്കാരായ ഇവർ കൊടുവായൂർ കാക്കയൂരിലെ കുളത്തിൽ നീന്തിവളർന്നവരാണ്.

ഭാഗ്യ ഇതാദ്യമായാണ് സർവകലാശാല ടീമിന്റെ ക്യാപ്റ്റനാകുന്നത്. കഴിഞ്ഞ രണ്ടുവർഷമായി അന്തർ സർവകലാശാല ചാംപ്യൻമാരായ ടീമിന്റെ കിരീടം നിലനിർത്തുകയെന്ന ഭാരിച്ച ദൗത്യമാണ് ഏൽപ്പിച്ചിരിക്കുന്നത്. സർവകലാശാല ചാംപ്യൻഷിപ്പിൽ ഇക്കുറി ഒരു സ്വർണവും രണ്ടു വീതം വെള്ളിയും വെങ്കലവും നേടിയിരുന്നു.



എസ്.ഭാഗ്യ

എട്ടു വർഷമായി മൽസരങ്ങളിൽ സജീവമായ ഭാഗ്യയുടെ പേർ ഇപ്പോഴും സംസ്ഥാന സ്കൂൾ നീന്തൽമേളയുടെ ചരിത്രത്താളുകളിലുണ്ട്. കാക്കയൂർ പുന്നക്കോട് ശേഖരന്റെയും തത്തയുടെയും മകളായ ഭാഗ്യ സെയ്ന്റ് മേരീസ് കോളജിലെ രണ്ടാംവർഷ ബി. എ. വിദ്യാർഥിയാണ്.

വനിതാ ടീം: എസ്. ഭാഗ്യ (ക്യാപ്റ്റൻ), വി. രമ്യ, സി. കെ. മഞ്ജു, എം. ജ്യോതി (തൃശൂർ സെയ്ന്റ് മേരീസ്), എസ്. സുമിഷ, എസ്. സൗഭാഗ്യവതി (തൃശൂർ വിമല).

## നീന്തൽ: കേരളവർമ, സെയ്ന്റ് മേരീസ് ജേതാക്കൾ

തൃശൂർ: വി. രമ്യ വാരിക്കൂട്ടിയ മെഡലുകളുടെ മികവിൽ തൃശൂർ സെയ്ന്റ് മേരീസ് കോളജ് വനിതാവിഭാഗത്തിലും ടി. പാലകന്റെ ഒറ്റയാൻ പ്രകടനത്തിന്റെ കരുത്തിൽ തൃശൂർ കേരളവർമ കോളജ് പുരുഷവിഭാഗത്തിലും കാലിക്കറ്റ് സർവകലാശാല നീന്തൽ ചാംപ്യൻഷിപ്പിൽ കിരീടം നിലനിർത്തി.

കേരളവർമ 103 പോയിന്റോടെ ജേതാക്കളായപ്പോൾ 80 പോയിന്റോടെയാണ് സെയ്ന്റ് മേരീസ് ഒന്നാമതെത്തിയത്. പുരുഷവിഭാഗത്തിൽ ആലത്തൂർ എസ്. എൻ. കോളജ് (41 പോയിന്റ്) രണ്ടാം സ്ഥാനവും ചിറ്റൂർ ഗവ. കോളജ് മൂന്നാം സ്ഥാനവും (20 പോയിന്റ്) നേടി. വനിതാ വിഭാഗത്തിൽ തൃശൂർ വിമല കോളജ് 30 പോയിന്റോടെ രണ്ടാം സ്ഥാനവും സുൽത്താൻ ബത്തേരി സെയ്ന്റ് മേരീസ് കോളജ് ആറു പോയിന്റോടെ മൂന്നാം സ്ഥാനവും സ്വന്തമാക്കി.

വി. രമ്യ 45 പോയിന്റോടെ വനിതാ വിഭാഗത്തിലും ടി. പാലകൻ 40 പോയിന്റോടെ പുരുഷവിഭാഗത്തിലും വ്യക്തിഗത ചാംപ്യൻമാരായി. പങ്കെടുത്ത ഒൻപത് ഇനത്തിലും രമ്യ ഒന്നാമതെത്തിയപ്പോൾ പാലകൻ എട്ട് ഇനത്തിലാണ് ഒന്നാമനായത്. വി. രമ്യ 200 മീ. ഫ്രീസ്റ്റൈലിലും (2:22:06), സെയ്ന്റ് മേരീസിലെതന്നെ സി. കെ. മഞ്ജു 100 മീ. ബ്രസ്റ്റ് സ്ട്രോക്കിലും (1:25:73) 200 മീ. ബ്രെസ്റ്റ് സ്ട്രോക്കിലും (2:42:97) ആദ്യദിനം റെക്കോർഡ് നേടിയിരുന്നു.

മലയാള മനോരമ
2001 സെപ്റ്റംബർ 21 വെള്ളി

# കോളജ് യൂണിയൻ:



സെയ്ന്റ് മേരീസ് കോളജ്, തൃശൂർ: മാനവി ജയസൂര്യ (ചെയർമാൻ), സി. അനിതകൃഷ്ണൻ (ജന. സെക്രട്ടറി).

2001 ഒക്ടോബർ 30 ചൊവ്വ

## ലാബ്-കോഴ്സ് ഉദ്ഘാടനം

തൃശൂർ: സെയ്ന്റ് മേരീസ് കോളജിൽ കംപ്യൂട്ടർ, ബയോ ടെക്നോളജി ലാബുകൾ ആർച്ച് ബിഷപ് മാർ ജേക്കബ് തൂങ്കുഴിയും ബി.എസ്.സി. മൈക്രോ ബയോളജി, ബി.സി.എ. കോഴ്സുകൾ കൊളീജിയറ്റ് ഡപ്യൂട്ടി ഡയറക്ടർ ഡോ. വി.എം. മനോഹരനും ഇന്ന് 2.30ന് ഉദ്ഘാടനം ചെയ്യും. മാനേജർ സിസ്റ്റർ നിർമല അധ്യക്ഷത വഹിക്കും.

മലയാള മനോരമ

2001 നവംബർ 30 വെള്ളി

# നീന്തൽ:



മനോരമ

തൃശൂരിൽ നടന്ന കാലിക്കറ്റ് വാഴ്സിറ്റി നീന്തൽ ചാംപ്യൻഷിപ്പിൽ വനിതാവിഭാഗം ചാംപ്യൻമാരായ തൃശൂർ സെയ്ന്റ് മേരീസ് കോളജ് ടീം.

തൃശൂർ: വിമല കോളജിലെ എസ്. സുമിഷയും കേരളവർമ കോളജിലെ ടി. പാലകനും കാലിക്കറ്റ് സർവകലാശാല നീന്തൽ ചാംപ്യൻഷിപ്പിലെ വേഗമേറിയ താരങ്ങളായി. ആതിഥേയരായ വടക്കാഞ്ചേരി വ്യാസ കോളജിന്റെ പ്രിൻസിപ്പൽ ഡോ. കെ. ഹരിദാസൻ പിള്ള സമ്മാനദാനം നിർവഹിച്ചു. സ്പോർട്സ് കൗൺസിൽ സെക്രട്ടറി ഡോ. ഡി. ബാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. കേരളവർമ കോളജ് പ്രിൻസിപ്പൽ ഇ. രാജൻ, സെയ്ന്റ് മേരീസ് കോളജ് പ്രിൻസിപ്പൽ സിസ്റ്റർ ബെറ്റ്സി, സർവകലാശാല കായികവിഭാഗം മേധാവി ഡോ. കെ.പി. മനോജ്, പി.എം. നാരായണൻ നമ്പൂതിരി, എ.വി. സുരേഷ് എന്നിവർ പ്രസംഗിച്ചു.

വിവിധ വിഭാഗങ്ങളിലെ ഒന്നും രണ്ടും സ്ഥാനക്കാർ:

പുരുഷവിഭാഗം- 50 മീ. ഫ്രീസ്റ്റൈൽ, 100 മീ. ഫ്രീസ്റ്റൈൽ, 200 മീ. ഐ.എം.: ടി. പാലകൻ (കേരളവർമ), ആർ. സിജു (ആലത്തൂർ എസ്.എൻ.), 100 മീ. ബാക്ക്സ്ട്രോക്ക്: ആർ. സിജു (ആലത്തൂർ എസ്.എൻ.), എൻ. രമേഷ് (കേരളവർമ). 1500 ഫ്രീസ്റ്റൈൽ: ആർ. സിജു ( ആലത്തൂർ എസ്.എൻ.), സുനിൽ കുരിയാക്കോസ് (കേരളവർമ). 100 മീ. ബട്ടർഫ്ളൈ: എൻ. രമേശ് (കേരളവർമ), ആർ. സിജു (ആലത്തൂർ എസ്.എൻ.). 4-200 മീ., 4-100 മീ. റിലെ- കേരളവർമ കോളജ്, ചിറ്റൂർ ഗവ. കോളജ്.

വനിതാവിഭാഗം- 50 മീ. ഫ്രീസ്റ്റൈൽ: എസ്. സുമിഷ (വിമല), പി.ബി. സുരഭി (സെയ്ന്റ് മേരീസ്). 200 മീ. ഫ്രീസ്റ്റൈൽ, 110. മീ. ഫ്രീസ്റ്റൈൽ, 800 മീ. ഫ്രീസ്റ്റൈൽ: വി. രമ്യ (ഉസയ്ന്റ് മേരീസ്), എസ്. സുമിഷ (വിമല). 400 മീ. ഐ.എം., 100 മീ. ബട്ടർഫ്ളൈ: വി. രമ്യ, എസ്. ഭാഗ്യ (സെയ്ന്റ് മേരീസ്). 200 മീ. ഐ.എം., 100 മീ. ബാക്ക്സ്ട്രോക്ക്: വി. രമ്യ, സി.കെ. മഞ്ജു (സെയ്ന്റ് മേരീസ്).